# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.08.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഇന്ന് പ്രഥമ ദേശീയ ബഹിരാകാശ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും.

   **The first National Space Day is being celebrated across the country today. President Droupadi Murmu to inaugurate function, which will be held at New Delhi.**

2. ദ്വിരാഷ്ട്ര സന്ദർശനത്തോടനുബന്ധിച്ച് പോളണ്ട് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് യുക്രൈനിലെത്തും.

   **Prime Minister Narendra Modi will reach Ukraine today on the second and final leg of his two nation tour.**

3. അമേരിക്കൻ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വാഷിംഗ്ടണിൽ എത്തി. യുഎസ് പ്രതിരോധ സെക്രട്ടറി, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എന്നിവരുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

   **Defence Minister Rajnath Singh arrived in Washington for a four-day visit to the United States. Union Minister will hold a bilateral meeting with US Defence Secretary and US National Security Advisor.**

4. **ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പശ്ചാത്തലത്തിൽ ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട കോൺക്ലേവ് നവംബറിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ.**

   **Cinema conclave to discuss the issues thrown up by the Hema committee report to be held on November: Minister Saji Cheriyan.**

5. **സ്വിറ്റ്സർലൻഡിൽ നടന്ന ലൊസാൻ ഡയമണ്ട് ലീഗ് മീറ്റിൽ പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്രക്ക് രണ്ടാം സ്ഥാനം.**

   **Neeraj Chopra finished second in the men's javelin throw event at the Lausanne Diamond League** 2024 **competition in Switzerland.**

*****************************************

## NATIONAL SPACE DAY

ഇന്ന് ആദ്യ ദേശീയ ബഹിരാകാശ ദിനം. ചന്ദ്രയാൻ മൂന്ന് ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയതിൻറെ സ്മരണാർത്ഥമാണ് ഈ ദിനം ദേശീയ ബഹിരാകാശ ദിനമായി രാജ്യമെമ്പാടും ആചരിക്കാൻ തീരുമാനിച്ചത്. രാജ്യത്തിൻറെ ബഹിരാകാശ മേഖലയിലെ നേട്ടങ്ങളുടെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. ചന്ദ്രയാൻ – 3 ന്റെ വിജയത്തോടെ ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തുന്ന ആദ്യ രാജ്യവും ചന്ദ്രോപരിതലത്തിലിറങ്ങുന്ന നാലാമത്തെ രാജ്യമായും ഇന്ത്യ മാറി. പേടകം ഇറങ്ങിയ സ്ഥലം ശിവശക്തി പോയിൻറ് എന്നാണ് അറിയപ്പെടുന്നത്. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടി രാഷ്ട്രപതി ദ്രൗപദി മുർമു ഉത്ഘാടനം ചെയ്യും. ***"ജീവിതങ്ങളെ സ്പർശിച്ചു കൊണ്ട് ചന്ദ്രനെ തൊടുമ്പോൾ – ഇന്ത്യയുടെ ബഹിരാകാശ ഗാഥ"*** എന്നതാണ് ഈ വർഷത്തെ പ്രമേയം. സമൂഹത്തിലും സാങ്കേതികവിദ്യയിലും ബഹിരാകാശ പര്യവേക്ഷണത്തിന്റെ സ്വാധീനത്തിന് ഊന്നൽ നൽകിയാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നത്.

റോബോട്ടിക്സ് ചലഞ്ച്, ഭാരതീയ അന്തരീക്ഷ് ഹാക്കത്തോൺ എന്നിവയിലെ വിജയികൾക്കുള്ള പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്യും. രാജ്യമെമ്പാടും വിപുലമായ ദിനാഘോഷ പരിപാടികളും അരങ്ങേറും. വിവിധ ഐ എസ് ആർ ഓ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കും.

*******************************************

## CHANDRAYAN(INTRO)

ദേശീയ ബഹിരാകാശ ദിനാഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തും വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ചന്ദ്രയാന്റെ വിക്ഷേപണം മുതൽ രാജ്യത്തെ ബഹിരാകാശ നേട്ടങ്ങൾ ജനജീവിതത്തിനും രാജ്യത്തിനും എങ്ങനെ പ്രയോജനകരമായി എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് നടത്തിയ പരിപാടി ഏറെ ജനശ്രദ്ധ നേടിയതായി തിരുവനന്തപുരം വി എസ് എസ് സി അസോസിയേറ്റ് ഡയറക്ടർ ഡോ വി അശോക് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*******************************************

## PM – POLAND VISIT

ഇന്ത്യ- പോളണ്ട് ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പോളണ്ട് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി വാർസോയിൽ നടന്ന ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷമാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. ജനാധിപത്യം, നിയമവാഴ്ച തുടങ്ങിയ മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ബന്ധമാണ് ഇരു രാജ്യങ്ങളും പങ്കിടുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. യുക്രെയ്ൻ സംഘർഷത്തിനിടെ ഇന്ത്യൻ വിദ്യാർത്ഥികളെ രക്ഷിക്കാൻ പോളണ്ട് നൽകിയ സഹായം ഇന്ത്യയ്ക്ക് ഒരിക്കലും മറക്കാനാവില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

*******************************************

## PM-UKRAINE(INTRO)

ദ്വിരാഷ്ട്ര സന്ദർശനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കീവിലെത്തും. രണ്ടു ദിവസത്തെ പോളണ്ട് സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി യുക്രൈനിലെത്തുന്നത്.

**വിശദാംശങ്ങളിലേക്ക്..........**

(വോയ്സ്)

യുക്രൈൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം. പ്രസിഡൻറ് സെലൻസ്കിയുമായുള്ള ചർച്ചയിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ സാധിക്കുമെന്ന് കരുതുന്നതായി യാത്രയ്ക്കു മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. യുക്രൈൻ പ്രശ്നങ്ങൾക്ക് സമാധപരമായ പരിഹാരം എന്ന തൻറെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കാൻ സന്ദർശനത്തിലൂടെ സാധിക്കുമെന്നും ശ്രീ മോദി പ്രത്യാശ പ്രകടിപ്പിച്ചിരുന്നു. മേഖലയിൽ എത്രയും വേഗം സമാധാനവും സ്ഥിരതയും കൈവരിക്കാനാകട്ടെയെന്ന് ഒരു സുഹൃത്തും പങ്കാളിയുമെന്ന നിലയിൽ ആശംസിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. 1992 ൽ ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം സ്ഥാപിച്ചതിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യുക്രൈൻ സന്ദർശിക്കുന്നത്. വിവിധ ഉഭയകക്ഷി വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുക്രൈൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയും ചർച്ച നടത്തും. സാമ്പത്തികം, വ്യാപാരം, കൃഷി, അടിസ്ഥാനസൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, മരുന്ന് നിർമ്മാണ മേഖല, പ്രതിരോധം, സാംസ്കാരികം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയവയിൽ ചർച്ചകൾ നടക്കും. യുക്രൈൻ സംഘർഷവും ചർച്ചാവിഷയമാകും. ന്യൂസ് ഡെസ്ക് ആകാശവാണി

***********************************

## UN CHIEF-PM MODI S UKRAINE VISIT

യുക്രൈനിലെ യുദ്ധം അവസാനിപ്പിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം സഹായകമാകുമെന്ന് പ്രത്യാശിക്കുന്നതായി യുഎൻ സെക്രട്ടറി ജനറൽ. നിരവധി ലോക നേതാക്കൾ യുക്രൈൻ സന്ദർശനം നടത്തുന്നുണ്ട്. ഈ സന്ദർശനങ്ങൾ സംഘർഷങ്ങൾക്ക് അയവുവരുത്തുമെന്ന് പ്രതീക്ഷിക്കുന്നതായും യുഎൻ സെക്രട്ടറി ജനറലിൻറെ വക്താവ് സ്റ്റെഫാൻ ഡ്യുജാർക്ക് പറഞ്ഞു.

****************************************

## RAJNATH SINGH-US VISIT

നാലു ദിവസത്തെ അമേരിക്കൻ സന്ദർശനത്തിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്നലെ വൈകുന്നേരം വാഷിംഗ്ടണിൽ എത്തി. യുഎസ് പ്രതിരോധ സെക്രട്ടറിയുമായി ഉഭയകക്ഷി ചർച്ച നടത്തുന്ന അദ്ദേഹം ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന് നടക്കുന്ന പ്രതിരോധ സഹകരണങ്ങളെ സംബന്ധിക്കുന്ന ഉന്നതതല യോഗത്തിലും ശ്രീ രാജ്നാഥ് സിംഗ് അധ്യക്ഷത വഹിക്കും . ഇന്ത്യയുടെ സൈനിക നവീകരണത്തിനും പ്രതിരോധ വ്യാവസായ സഹകരണത്തിനും അമേരിക്ക പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്.

****************************************

## VICE PREZ-GUJARAT VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് ഗുജറാത്ത് സന്ദർശിക്കും , ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിസംബോധന ചെയ്യുന്ന അദ്ദേഹം അഹമ്മദാബാദിലെ ഗുജറാത്ത് സർവ്വകലാശാലയിൽ നടക്കുന്ന ധർമ്മ ധമ്മ അന്താരാഷ്ട്ര സമ്മേളനത്തിലും പങ്കെടുക്കും. ഗുജറാത്ത് ഗവർണർ, മുഖ്യമന്ത്രി എന്നിവരും അദ്ദേഹത്തെ അനുഗമിക്കും

****************************************

## NAIDU-UDAN GUIDELINES

രാജ്യത്തെ സീ പ്ലെയ്ൻ പ്രവർത്തനം സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറത്തിറക്കി കേന്ദ്ര വ്യോമയാന മന്ത്രാലയം. RCS-UDAN പദ്ധതിക്ക് അനുസൃതമായാണ് മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരിക്കുന്നത്. സീ പ്ലെയ്ൻ പ്രവർത്തനത്തിലെ സുരക്ഷയിൽ അവയുടെ ഉടമസ്ഥർക്കു മുതൽ നിയന്ത്രിക്കുന്നവർക്ക് വരെ തുല്ല്യ ഉത്തരവാദിത്തം ഉറപ്പാക്കുന്നതാണ് മാർഗനിർദേശങ്ങൾ. യാത്രാ സൗകര്യം എല്ലാവർക്കും എത്തിക്കുകയും ഗ്രാമീണ മേഖലയെ പരസ്പരം ബന്ധിപ്പിക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പത്തു വർഷത്തിലേക്കുള്ള RCS-UDAN 2.0 പദ്ധതി ഉടൻ പുറത്തിറക്കുമെന്നും മന്ത്രാലയം അറിയിച്ചു.

************************************

## HEMA COMMITTE

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹൈക്കോടതി ഇടപെടലിനെ സ്വാഗതം ചെയ്യുന്നതായും, കേസ് എടുക്കാൻ കോടതി നിർദ്ദേശിച്ചാൽ സർക്കാർ അതനുസരിച്ച് പ്രവർത്തിക്കുമെന്നും മന്ത്രി സജി ചെറിയാൻ. റിപ്പോർട്ടുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട കോൺക്ലേവ് നവംബറിൽ കൊച്ചിയിൽ സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. അതേസമയം, ഇരകളെയും വേട്ടക്കാരെയും ഒന്നിച്ചിരുത്തിയുള്ള സിനിമ കോൺക്ലേവ് അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

************************************

## HEMA COMMITTEE – HIGH COURT

ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണരൂപം മുദ്ര വച്ച കവറിൽ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി

ഹൈക്കോടതി. റിപ്പോർട്ടിൽ പറയുന്ന ലൈംഗിക പീഡനങ്ങളിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന പൊതു താത്പര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. റിപ്പോർട്ടിലുള്ളത് ഗുരുതര കണ്ടെത്തലുകളാണെന്ന് നിരീക്ഷിച്ച കോടതി, ഇത് സംബന്ധിച്ച് കേരള സർക്കാർ വിശദമായ സത്യവാങ്മൂലം സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടു. അടുത്ത മാസം 10 ന് കേസിൽ ഹൈക്കോടതി തുടർവാദം കേൾക്കും.

**************************************

## NEERAJ CHOPRA

സ്വിറ്റ്സർലൻഡിൽ നടന്ന ലൊസാൻ ഡയമണ്ട് ലീഗ് മീറ്റിൽ പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്രക്ക് രണ്ടാം സ്ഥാനം. സീസണിലെ തന്റെ ഏറ്റവും മികച്ച പ്രകടനമായി 89.49 മീറ്റർ ദൂരം എറിഞ്ഞാണ് നീരജ് ചോപ്ര നേട്ടം കൈവരിച്ചത് .

**************************************

## SAFF U20 CHAMPIONSHIP

നേപ്പാളിൽ നടക്കുന്ന സാഫ് അണ്ടർ - 20 ചാമ്പ്യൻഷിപ്പിൻ്റെ അവസാന ഗ്രൂപ്പ് ബി മത്സരത്തിൽ ഇന്ത്യ ഇന്ന് മാൽദീവ്സിനെ നേരിടും. ഉച്ചയ്ക്ക് കാഠ്മണ്ഡുവിലെ ANFA കോംപ്ലക്സിൽ ആണ് മത്സരം . സെമിഫൈനൽ സാധ്യത ഉറപ്പിച്ച ഇന്ത്യൻ സംഘത്തിന് ഇന്നത്തെ മത്സരത്തിൽ സമനില മതിയാവും .

**************************************

## DURAND CUP

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൻറെ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സി യെ നേരിടും . രാത്രി 7 നു കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

**************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്, ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ ഇന്ന് വരെ അറിയിക്കാം.

**********************************

## RDA- AIIMS RML STRIKE CALL OFF

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെയും ഡോ റാം മനോഹർ ലോഹ്യ ആശുപത്രിയിലെയും റസിഡൻറ് ഡോക്ടേഴ്സ് അസോസിയേഷനുകൾ സമരം പിൻവലിച്ചു. സുപ്രീം കോടതി നിർദേശത്തെ തുടർന്നാണ് തീരുമാനം. കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ചും, ആരോഗ്യപ്രവർത്തകരുടെ സുരക്ഷയും ആവശ്യപ്പെട്ടാണ് ഡോക്ടർമാർ പണിമുടക്കിയത്.

**********************************

## JPC-WAQF

വഖഫ് ഭേദഗതി ബിൽ പരിശോധിക്കാൻ രൂപീകൃതമായ സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ ചേർന്നു. ന്യൂനപക്ഷ സംഘടനകളിൽ നിന്നുള്ള പരമാവധി ആളുകൾക്ക് വഖഫ് ഭേദഗതി ബില്ലിലെ വകുപ്പുകൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ അവസരം നൽകുമെന്ന്, യോഗത്തിന് മുന്നോടിയായി സംയുക്ത പാർലമെൻ്ററി സമിതി അധ്യക്ഷൻ ജഗ്ദംബിക പാൽ മാധ്യമങ്ങളോട് പറഞ്ഞു.

**************************************************************************************************************